"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തിരുവനന്തപുരം കോർപ്പറേഷൻ വാച്ചർ - മരണപ്പെട്ട പി.കൃഷ്ണന്റെ മകൾ കുമാരി.ഇന്ദു.സി.കെ - എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.2/2023/LSGD തീയതി,തിരുവനന്തപുരം, 03-01-2023

---

പരാമർശം:- 1) 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ .

2) 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ.

3) കുമാരി.ഇന്ദു സി.കെ.സമർപ്പിച്ച 13.12.2021 തീയതിയിലെ ആശ്രിത നിയമന അപേക്ഷ.

4) നഗരകാര്യ ഡയറക്ടറുടെ 01.07.2022 തീയതിയിലെ ഡി.യു.എ/3493/2022-ഇ4 നമ്പർ കത്ത്.

5) തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21.11.2022 തീയതിയിലെ DCTVM/6839/2022-S6 നമ്പർ കത്ത്.

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, തിരുവനന്തപുരം കോർപ്പറേഷനിൽ വാച്ചർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 10.06.2021 തീയതിയിൽ മരണപ്പെട്ട പി.കൃഷ്ണൻ-ന്റെ മകൾ കുമാരി.ഇന്ദു സി.കെ (ഇന്ദു ഭവൻ, കുട്ടമല, കുട്ടമല പി.ഒ, തിരുവനന്തപുരം - 695505) അപേക്ഷ സമർപ്പിച്ചിരുന്നു. പി.കൃഷ്ണന്റെ സേവനകാലം 24 വർഷവും 2 മാസവും 28 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 30.05.1962, 12.03.1997 ആണ്. നഗരകാര്യ ഡയറക്ടറും തിരുവനന്തപുരം ജില്ലാ കളക്ടറും യഥാക്രമം പരാമർശം (4) (5)

പ്രകാരം അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.കുമാരി.ഇന്ദു സി.കെ പ്ലസ് ടു വിജയിച്ചിട്ടുള്ളതും ടിയാരിയുടെ ജനന തീയതി 08.07.1996 എന്നതുമാണ്. ടിയാരി ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിൽ (13.12.2021) സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിയ്ക്കായി പി.കൃഷ്ണന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്ന് തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ കുമാരി.ഇന്ദു.സി.കെ.യ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. ടിയാരിയുടെ കുടുംബ വാർഷിക വരുമാനം 3,00,000/-രൂപയാണെന്ന് (മൂന്ന് ലക്ഷം രൂപ മാത്രം) വാഴിച്ചൽ, സ്പെഷ്യൽ വില്ലേജ് ഓഫീസർ അറിയിച്ചിട്ടുണ്ട്. കൂടാതെ പരാമർശം (2 ) ൽ വ്യവസ്ഥ ചെയ്യുന്ന ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ വാച്ചർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 10.06.2021 തീയതിയിൽ മരണപ്പെട്ട പി.കൃഷ്ണൻ-ന്റെ മകൾ കുമാരി.ഇന്ദു സി.കെ.യ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ , ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം (1 ) ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിയ്ക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന്

ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ ജി

അഡിഷണൽ സെക്രട്ടറി

പകർപ്പ്:

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.

ജില്ലാ കളക്ടർ , തിരുവനന്തപുരം.

കുമാരി.ഇന്ദു സി.കെ, ഇന്ദു ഭവൻ, കുട്ടമല, കുട്ടമല പി.ഒ, തിരുവനന്തപുരം - 695505

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/118/2022-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

**Signed by Sonu Jacob**

**Date: 04-01-2023 11:20:55**

സെക്ഷൻ ഓഫീസർ